പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1813 **26-10-2026-ൽ മറുപടിയ്ക്ക്**

ശക്തമായ കാറ്റിൽ ഒല്ലൂർ നിയോജക മണ്ഡലത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾക്കുള്ള ധനസഹായം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. കെ. രാജൻ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ പൂച്ചെട്ടി, നടത്തറ, കൊഴുക്കുള്ളി തുടങ്ങിയ പ്രദേശങ്ങളിൽ 2026 ജൂൺ മാസത്തിൽ ഉണ്ടായ ശക്തമായ കാറ്റിനെ തുടർന്ന് നിരവധി വീടുകൾക്കും വീടുകളോടനുബന്ധിച്ചുള്ള നിർമ്മിതികൾക്കും കൃഷിക്കും വൃക്ഷങ്ങൾക്കും വ്യാപകമായ നാശനഷ്ടം സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: 09.06.2026 തീയതിയിൽ രാവിലെ 9 മണിയോടുകൂടി ഉണ്ടായ ശക്തമായ കാറ്റിൽ തൃശ്ശൂർ താലൂക്ക് ഉൾപ്പെട്ട ഒല്ലൂർ നിയോജകമണ്ഡലത്തിലെ കൊഴുക്കുള്ളി, നടത്തറ, മാടക്കത്തറ വില്ലേജുകളിൽ നിരവധി വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുള്ളതും നിരവധി മരങ്ങളും ഇലക്ട്രിക് പോസ്റ്റുകളും കടപുഴകി വീണിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത ദുരന്തത്തിൽ ഒല്ലൂർ നിയോജക മണ്ഡലത്തിൽ വീടുകൾ, വീടുകളോടനുബന്ധിച്ചുള്ള നിർമ്മിതികൾ, കൃഷി, വൃക്ഷങ്ങൾ തുടങ്ങിയവയ്ക്കുണ്ടായ നാശനഷ്ടങ്ങളുടെ വിശദമായ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരങ്ങളും ആകെ കണക്കാക്കിയ നഷ്ടത്തിന്റെ തുക എത്രയാണെന്നും വില്ലേജ് തിരിച്ച് ലഭ്യമാക്കുമോ;

മറുപടി: പ്രസ്തുത പ്രകൃതിക്ഷോഭത്തിൽ ഒല്ലൂർ നിയോജക മണ്ഡലത്തിലെ കൊഴുക്കുള്ളി, നടത്തറ, മാടക്കത്തറ വില്ലേജുകളിൽ വീടുകൾ, വീടുകളോടനുബന്ധിച്ചുള്ള നിർമിതികൾ എന്നിവയ്ക്ക് സംഭവിച്ച നാശനഷ്ടങ്ങൾ വില്ലേജ് ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. കൃഷി, വൃക്ഷങ്ങൾ എന്നിവ സംബന്ധിച്ച നാശനഷ്ടങ്ങളുടെ കണക്ക് ലഭ്യമായിട്ടില്ല .

വില്ലേജുകൾ തിരിച്ചുള്ള നാശനഷ്ടങ്ങൾ താഴെ പറയുന്നവയാണ്.

കൊഴുക്കുള്ളി വില്ലേജ്: 7 വീടുകൾക്ക് ഭാഗിക നാശനഷ്ടവും, 1 വീടിന് പൂർണ നാശനഷ്ടവും, കൂടാതെ 8 വീടുകളോടനുബന്ധിച്ചുള്ള നിർമ്മിതികൾക്കും നാശനഷ്ടം സംഭവിച്ചിട്ടുള്ളതാണ്.

നടത്തറ വില്ലേജ്: 6 വീടുകൾക്ക് ഭാഗിക നാശനഷ്ടവും, 3 വീടിന് പൂർണ്ണനാശനഷ്ടവും സംഭവിച്ചിട്ടുള്ളതാണ്.

മാടക്കത്തറ വില്ലേജ്: 1 വീടിന് ഭാഗിക നാശനഷ്ടം സംഭവിച്ചിട്ടുള്ളതും, 2 വീടുകളോടനുബന്ധിച്ചുള്ള നിർമിതികൾക്കും നാശനഷ്ടം സംഭവിച്ചിട്ടുള്ളതുമാണ്.

വീടുകൾക്ക് സംഭവിച്ച നാശനഷ്ടത്തിന് ലഭ്യമായ അപേക്ഷകളിൽ അസിസ്റ്റന്റ് എൻജിനീയറുടെ റിപ്പോർട്ട് പ്രകാരം കണക്കാക്കിയ നഷ്ടപരിഹാര തുക ഏകദേശം 24,65,000/- (ഇരുപത്തിനാലു ലക്ഷത്തി അറുപത്തി അയ്യായിരം)രൂപയാണ് .

(സി) കേരളത്തിൽ ചുഴലിക്കാറ്റിനേക്കാൾ കുറഞ്ഞതും ജീവനും സ്വത്തിനും നാശനഷ്ടം ഉണ്ടാക്കുന്നതുമായ ശക്തമായ കാറ്റ് (സ്ട്രോങ് വിൻഡ്) സ്റ്റേറ്റ് സ്പെസിഫിക് ഡിസാസ്റ്റർ ആയി അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത ദുരന്തബാധിതർക്ക് നിലവിലുള്ള മാനദണ്ഡപ്രകാരം എസ്.ഡി.ആർ.എഫ്-ൽ നിന്ന് അനുവദിക്കാവുന്ന ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

<u>മറുപടി:</u> നാശനഷ്ടത്തിന് ധനസഹായം ലഭിക്കുന്നതിന് റിലീഫ് പോർട്ടൽ മുഖേന സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ എസ്. ഡി. ആർ. എഫിൽ നിന്നുള്ള തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ഒല്ലൂർ നിയോജക മണ്ഡലത്തിൽ പ്രസ്തുത ദുരന്തവുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര അപേക്ഷകളിൽ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടെന്നും എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും വിതരണം ചെയ്ത തുക എത്രയെന്നും വ്യക്തമാക്കാമോ;

<u>മറുപടി:</u> ഒല്ലൂർ നിയോജക മണ്ഡലത്തിൽ പ്രസ്തുത ദുരന്തവുമായി ബന്ധപ്പെട്ട് ഇതുവരെ ലഭിച്ച അപേക്ഷകളുടെ എണ്ണവും സ്വീകരിച്ച നടപടി വിവരവും താഴെ ചേർക്കുന്നു.

വില്ലേജ്	അപേക്ഷകളുടെ എണ്ണം	നടപടി സ്വീകരിച്ചത്
നടത്തറ	9	8
കൊഴുക്കുള്ളി	11	6 (ബാക്കി അപേക്ഷകളിൽ ന്യൂനത പരിഹരിച്ച് സമർപ്പിക്കുന്നതിന് വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.)
മാടക്കത്തറ	1	1

ഇതുമായി ബന്ധപ്പെട്ട ധനസഹായം ആർക്കും വിതരണം ചെയ്തിട്ടില്ലാത്തതാണ്.

(ഇ) 2026 ജൂൺ 9-ന് തൃശ്ശൂർ ജില്ലയിൽ ശക്തമായ കാറ്റിനെ തുടർന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര അപേക്ഷകളിൽ നാശനഷ്ടം കണക്കാക്കിയിട്ടുണ്ടെന്നും എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും വിതരണം ചെയ്ത തുക എത്രയെന്നും നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

<u>മറുപടി:</u> 2026 ജൂൺ 9 ന് ഉണ്ടായ ശക്തമായ കാറ്റിനെ തുടർന്ന് തൃശ്ശൂർ താലൂക്കിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതിന് ധനസഹായം അനുവദിക്കുന്നതിന് താഴെപ്പറയും പ്രകാരം അപേക്ഷകൾ

ലഭ്യമായിട്ടുള്ളതും ആയതിൻമേൽ അപേക്ഷകളുടെ അർഹത പരിശോധിച് നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

ഒല്ലൂർ നിയോജക മണ്ഡലം:

നടത്തറ വില്ലേജ് : ആകെ ലഭിച്ച അപേക്ഷകളുടെ എണ്ണം- 9, നടപടി സ്വീകരിച്ചത്- 8.

കൊഴുക്കുള്ളി വില്ലേജ് : ആകെ ലഭിച്ച അപേക്ഷയുടെ എണ്ണം- 11, നടപടി സ്വീകരിച്ചത് -6 (ബാക്കി അപേക്ഷകൾ ന്യൂനത പരിഹരിച്ച് സമർപ്പിക്കുന്നതിന് വില്ലേജ് ഓഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്.)

മാടക്കത്തറ വില്ലേജ്: ആകെ ലഭിച്ച അപേക്ഷകളുടെ എണ്ണം -1, നടപടി സ്വീകരിച്ചത്- 1.

തൃശ്ശൂർ നിയോജക മണ്ഡലം :

വിൽവട്ടം വില്ലേജ് : ലഭ്യമായ അപേക്ഷകൾ -10

സെക്ഷൻ ഓഫീസർ